# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1975

05.12.2018 ൽ മറുപടിക്ക്

### കേരള കേഡർ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ

**ചോദ്യം:**
**ശ്രീ. ഹൈബി ഈഡൻ**

**ഉത്തരം :**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** കേരളാ കേഡറിൽ ജോലി ചെയ്യുന്ന മറ്റ് സംസ്ഥാനങ്ങളിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എത്രാം തരം വരെയുള്ള പ്രാദേശിക ഭാഷാ വിദ്യാഭ്യാസം വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

**(എ)** കേരളാ കേഡറിൽ ജോലി ചെയ്യുന്ന മറ്റ് സംസ്ഥാനങ്ങളിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകളോടൊപ്പം മലയാളം ഭാഷാ പരീക്ഷയിൽ (ലോവർ & ഹയർ) യോഗ്യത നേടണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

**(ബി)** പ്രാദേശിക ഭാഷയിൽ അടിസ്ഥാന പരീക്ഷ പാസ്സാകാത്ത ഇത്തരം ഉദ്യോഗസ്ഥർ എത്ര പേർ ഉണ്ട്;

**(ബി)** പ്രാദേശിക ഭാഷാ പരീക്ഷ പാസ്സാകാത്തവരായി ഐ.എ.എസിൽ 14 ഉദ്യോഗസ്ഥരും, ഐ.പി.എസിലും ഐ.എഫ്.എസിലും 12 വീതം ഉദ്യോഗസ്ഥരുമാണുള്ളത്.

**(സി)** ഈ അടിസ്ഥാന യോഗ്യത നേടാത്ത ഏതെങ്കിലും ഉദ്യോഗസ്ഥർ ഇപ്പോൾ കേരള കേഡറിൽ ജോലി ചെയ്യുന്നുണ്ടോ; ഇവർ ഏതെങ്കിലും തരത്തിലുള്ള പ്രത്യേകാനുമതി യോടെയാണോ ജോലിചെയ്യുന്നത്;

**(സി)** ഉണ്ട്. പ്രാദേശിക ഭാഷയിൽ യോഗ്യത നേടിയിട്ടില്ല എന്ന കാരണത്താൽ സർവ്വീസിൽ തുടരുന്നതിന് തടസ്സമില്ല.

**(ഡി)** പ്രാദേശിക ഭാഷയിൽ അടിസ്ഥാന യോഗ്യത നേടാത്ത ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നൽകുവാൻ നിയമമുണ്ടോ എന്ന് വെളിപ്പെടുത്താമോ;

**(ഡി)** പ്രാദേശിക ഭാഷയിൽ അടിസ്ഥാന യോഗ്യത നേടാത്ത ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് തടസ്സമില്ല. എന്നാൽ പ്രാദേശിക ഭാഷയിൽ യോഗ്യത നേടിയശേഷം മാത്രമേ സീനിയർ സ്കെയിൽ തസ്തികയിൽ ഇൻക്രിമെന്റ് അനുവദിക്കുകയുള്ളൂ.

**(ഇ)** സർവ്വീസിൽ പ്രവേശിച്ചതിനുശേഷം എത്ര കാലയളവിനുള്ളിൽ മലയാളം പരിജ്ഞാനം നേടിയിരിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**(ഇ)** സർവ്വീസിൽ പ്രവേശിച്ചതിനുശേഷം മലയാള ഭാഷയിൽ യോഗ്യത നേടുന്നതിനുള്ള സമയപരിധി നിഷ്കർഷിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**